എച്ച് (3)/ 28324/2011

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയതി, 19.05.2012.

## സർക്കുലർ

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധിതമാക്കുന്നതു - സംബന്ധിച്ച്

സൂചന :- 1. സ. ഉ (പി) 183/11/ പൊ.വി തീയ്യതി 1/9/2011.
2. 10/5/2012 ൽ ബഹു. പൊ.വി സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗ തീരുമാനം .

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്ന് സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതും പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവർക്ക് നൽകിയിട്ടുള്ളതുമാണ് . എന്നാൽ പല സ്കൂളുകളിലും ടി ഉത്തരവ് പ്രാവർത്തികമാക്കിയതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള അധികമാർഗ്ഗ നിർദ്ദേശങ്ങൾക്കൂടി ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

1. കേരളത്തിൽ കന്നട , തമിഴ് ,ഗുജറാത്തി ഭാഷകൾ പഠിക്കുന്ന കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിന് താല്പര്യമുണ്ടോയെന്നും അവർ ഇപ്പോൾ രണ്ടാം ഭാഷയായി ഏതു ഭാഷ പഠിക്കുന്നുവെന്നുമുള്ള വിവരങ്ങൾ ശേഖരിക്കണം.
2. ഓറിയന്റൽ സ്കൂളുകൾക്ക് അക്കാദമിക് കലണ്ടർ തയ്യാറാക്കുമ്പോൾ മലയാളം പഠിപ്പിക്കുന്നതിനുള്ള പീരിയഡുകൾ ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണം .
3. സംസ്കൃതം, അറബിക് ഓറിയന്റൽ സ്കൂളുകളിൽ 1 മുതൽ 4 വരെ നിലവിലുള്ള രീതി തുടരുന്നതും 5,6,7 ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കുന്നതിന് നിലവിലുള്ള അദ്ധ്യാപകരെ ഉപയോഗിക്കാവുന്നതുമാണ് .
4. ഇവർ ചെയ്യുന്ന അധിക ജോലിക്ക് എത്ര സമയം,അതിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടുന്ന വേതനത്തിന് എത്ര തുക വേണ്ടി വരുമെന്നും വിവരങ്ങൾ ശേഖരിച്ച് ധനകാര്യ വകുപ്പിനെ അറിയിക്കുവാനും ഡയറ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

5. 8,9,10 ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കുന്നതിന് നിലവിലുള്ള അദ്ധ്യാപകരെ നിയോഗിക്കുകയോ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുകയോ ചെയ്യാവുന്നതാണ് . ഇങ്ങനെ നടത്തുന്ന ക്ലാസ്സുകളുടെ മോണിറ്ററിംഗ് ഡയറ്റിനെ ഏൽപ്പിച്ചിട്ടുണ്ട് .

6. മലയാള ഭാഷാ പഠനം 10-ാം ക്ലാസ്സുവരെ നിർബന്ധമാക്കിയിട്ടുണ്ട്. 2012-13-ൽ 8- ാം ക്ലാസ്സിലും 2013-14 ൽ 9-ാം ക്ലാസ്സിലും 2014-15-ൽ 10- ാം ക്ലാസ്സിലും പരീക്ഷ നിർബന്ധമായിരിക്കും . 8,9,10 ക്ലാസ്സുകളിലെ സ്പെഷ്യൽ ഇംഗ്ലീഷ് തുടർന്നുവരുന്ന മൂന്നു വർഷം കൊണ്ട്നിർത്തലാക്കുന്നതാണെന്നും അതിനു പകരം മലയാളം പഠിപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

7. ജില്ലയിൽ ഡെപ്യൂട്ടി ഡയറക്ടർമാർ, പുതിയതായി മലയാളം പഠിപ്പിക്കുന്ന സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും അദ്ധ്യാപകരുടെ ലഭ്യത അറിയിക്കുകയും ചെയ്യേണ്ടതാണ് .

8. എൽ പി യു പി ഹൈസ്കൂൾ വിഭാഗത്തിലെ കുട്ടികളുടെ മലയാള ഭാഷാ നിലവാരം അളക്കുന്നതിന് ആവശ്യമായ ടൂൾ എസ് സി ഇ ആർ റ്റി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ സൂചന 1ലെ നിർദ്ദേശങ്ങളും ഈ സർക്കുലറിലെ നിർദ്ദേശങ്ങളും എല്ലാ സ്കൂളുകൾക്കും നൽകേണ്ടതും അവ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്നുള്ള പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 15-ാം തീയ്യതിക്കകം ഈ ആഫീസിനെ അറിയിക്കേണ്ടതുമാണ് .

വിശ്വസ്തതയോടെ.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും .